ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ചെയർമാൻ ആരാണ്;

(ബി) ചെയർമാൻ യാത്രപ്പടിയിനത്തിൽ ഇതുവരെ കൈപ്പറ്റിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രീ. പി.സി. കാർത്തികേയൻ

(ബി) ശ്രീ. പി.സി. കാർത്തികേയൻ ചെയർമാനായി ചാർജ്ജ് എടുത്ത മാസം മുതൽ (8/97) 31.10.99 വരെ 1,04,245/- രൂപ യാത്രപ്പടിയായി കൈപ്പറ്റിയിട്ടുണ്ട്.

48 (214) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് ബഹുനില കെട്ടിടം പണിയുന്നതിന് അവരിൽ നിന്ന് 1996-ന് ശേഷം ക്ഷേമനിധി ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് നൽകാതിരുന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3.11.1995 മുതൽ പ്രാബല്യത്തിൽ വന്ന 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഹെൽത്ത് ആക്ട് എന്ന കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലായതിന് ശേഷം നിർമ്മാണ തൊഴിലാളിക്ഷേമനിധി ഫണ്ടിലേയ്ക്ക് ഈ നിയമമനുസരിച്ച് അംശാദായം ഈടാക്കിയിട്ടില്ല. അംശാദായം നിശ്ചയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനുമുള്ള അസ്സസ്സിംഗ് ഓഫീസർമാരെയും സെസ്സ് കളക്ടേഴ്സിനെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സെസ്സ് പിരിച്ച് കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന് കൈമാറുന്നതാണ്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly